# കെ.എസ്.ഇ.ബി എംപ്ലോയീസ് വെൽഫയർ ഫണ്ട്

ടെലിഫോൺ - 0471 2514527, 2514608
ഇ മെയിൽ - pokseb@gmail.com.

പേഴ്സണൽ ഡിപ്പാർട്ട്മെന്റ്
വൈദ്യുതി ഭവനം,പട്ടം
തിരുവനന്തപുരം

No. PS2/EWF-GB/2021 തീയതി: 26/07/2021

## പരിപത്രം

വിഷയം:- കെ.എസ്.ഇ.ബി എംപ്ലോയീസ് വെൽഫെയർ ഫണ്ട് മാസവരിയും ആനുകൂല്യങ്ങളും പുതുക്കുന്നതും - GPAIS ന് പകരമായി KSEB വെൽഫെയർ ഫണ്ട് മുഖാന്തിരം അപകട ആശ്വാസധനസഹായ പദ്ധതി നടപ്പിലാക്കുന്നതും - സംബന്ധിച്ച്.

സൂചന :- 08/07/2021 ലെ കെ.എസ്.ഇ.ബി എംപ്ലോയീസ് വെൽഫെയർ ഫണ്ട് ഭരണ സമിതി യോഗത്തിന്റെ മിനുട്സ്.

1). കെ.എസ്.ഇ.ബി വെൽഫയർ ഫണ്ടിന്റെ 08/07/2021 ലെ ഭരണസമിതിയുടെ യോഗ തീരുമാനപ്രകാരം തൊഴിലാളി ക്ഷേമ നിധിയുടെ മാസവരിയും ആനുകൂല്യങ്ങളും ചുവടെ സൂചിപ്പിച്ചിട്ടുള്ള നിരക്കിൽ വർദ്ധനവ് വരുത്തുവാൻ ഭരണസമിതി യോഗം തീരുമാനിക്കുകയുണ്ടായി.

| Employee Contribution | Death benefit | Retirement benefit (Per year) | Disablement benefit |
|---|---|---|---|
| 500 | 12 lakhs | 7200 | Upto 50 years - 4 lakhs<br>Above 50 years – 3.5 lakhs |

. മേൽ കാണിച്ചിരിക്കുന്ന പുതുക്കിയ നിരക്ക് 08/07/2021 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. KSEB Ltd ലെ എല്ലാ ജീവനക്കാരിൽ നിന്നും നിലവിലെ മാസവരി തുകയായ 300/- രൂപയ്ക്ക് പകരമായി 500/- രൂപ 2021 ജൂലൈ മാസത്തിലെ ശമ്പളം ആഗസ്റ്റ് 1 - )o തീയതി വിതരണം ചെയ്യുന്ന തുകയിൽ നിന്നും ഈടാക്കുവാൻ ആരംഭിക്കേണ്ടതാണ്. പ്രസ്തുത വർദ്ധനവ് വരുത്തിയ തുക ഈടാക്കിയതു സംബന്ധിച്ച വിവരങ്ങൾ സർവ്വീസ് ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടുള്ള ക്ഷേമനിധിയുടെ പാസ് ബുക്ക് /ഹാൻഡ് ബുക്ക് / മെമ്പർഷിപ്പ് കാർഡ് എന്നിവയിൽ ഉൾചേർക്കേണ്ടതും HRIS – ൽ മാസവരി തുക ഓരോ മാസവും update ചെയ്യേണ്ടതുമാണ്.

മാസവരിയിൽ വരുത്തിയ വർദ്ധനവ് സംബന്ധിച്ച് HRIS Module – ൽ ആവശ്യം വേണ്ട മാറ്റങ്ങൾ 07/2021 മുതൽ പ്രാബല്യം നൽകി ഉൾചേർക്കുന്നതിനായി CE (IT) യുടെ ഓഫീസ് നടപടികൾ എടുക്കേണ്ടതാണ്. അതാതു മാസങ്ങളിലെ മാസവരി തുക ജീവനക്കാരിൽ നിന്നും ഈടാക്കിയിട്ടുള്ളതു സംബന്ധിച്ച വിവരങ്ങൾ ശമ്പള വിതരണ ദിവസം തന്നെ ബന്ധപ്പെട്ട ARU (Name of ARU UTR No. Amount സഹിതം) CPO യുടെ E-mail ID – ൽ (pokseb@gmail.com) ൽ ലഭ്യമാക്കേണ്ടതാണ്.

2) GPAIS പദ്ധതിയ്ക്ക് പകരമായി ഈ വർഷത്തേയ്ക്ക് അപകട ആശ്വാസധനസഹായ പദ്ധതി വെൽഫെയർ ഫണ്ട് മുഖാന്തിരം നടപ്പിലാക്കാൻ 08.07.2021 – ലെ ഭരണസമിതി യോഗത്തിൽ തീരുമാനിക്കുകയുണ്ടായതിനാൽ GPAIS നായി സമാഹരിച്ച തുക KSEBL – ന്റെ Suspense Account ൽ നിന്നും വെൽഫെയർ ഫണ്ടിനു കീഴിൽ വരുന്ന Accident Relief Assistance scheme ലേക്കായി തുടങ്ങുന്ന പ്രത്യേക Account ലേക്ക് മാറ്റുന്നതിന് FA യുടെ ആഫീസ് നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിലവിലെ വെൽഫെയർ ഫണ്ടിൽ നിന്നും ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള ആപ്ലിക്കേഷനിൽ തന്നെ അപകട ആശ്വാസധനസഹായത്തിനും അപേക്ഷ സമർപ്പിക്കാമെന്നതിനാൽ വെൽഫെയർ ഫണ്ട് അപേക്ഷ പുതുക്കിയിട്ടുള്ളതും അപേക്ഷയിൽ അപകട മരണമാണെങ്കിൽ ആയത് കൂടി രേഖപ്പെടുത്തി അപകട മരണമാണെന്ന് തെളിയിക്കുന്ന നിർദ്ദിഷ്ട രേഖകൾ കൂടി ഉൾചേർത്ത് Secretary KSEB EWF ന്റെ കാര്യാലയത്തിലേയ്ക്ക് സമർപ്പിക്കുവാൻ ബന്ധപ്പെട്ട ARU തലവൻമാർക്ക് നിർദ്ദേശം നൽകുന്നു.

01/12/2020 മുതൽ 31/12/2021 വരെ പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന ഓരോ ജീവനക്കാരനും HRIS – ൽ എംപ്ലോയി കോഡ് അനുവദിക്കുമ്പോൾ തന്നെ അപകട ആശ്വാസധനസഹായ പദ്ധതി (Accident Relief Assistance Scheme) – ലേക്കും വാർഷിക വരിസംഖ്യ ഒടുക്കി അംഗത്വം നേടേണ്ടതും ആയത് ARU തലവൻമാർ ഉറപ്പുവരുത്തേണ്ടതുമാണ്. പ്രസ്തുത വിവരങ്ങൾ ബന്ധപ്പെട്ട ARU (Name of ARU, Amount ) സഹിതം Secretary, KSEB EWF ന്റെ Email ID – ൽ (pokseb@gmail.com) ൽ ലഭ്യമാക്കേണ്ടതാണ്.

ഏതെങ്കിലും ജീവനക്കാരന് വാർഷിക വരിസംഖ്യ ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന സാഹചര്യത്തിൽ ടിയാന്റെ അനന്തരാവകാശികൾക്ക് അപകട ആശ്വാസധനസഹായം വെൽഫെയർ ഫണ്ടിൽ നിന്നും ലഭിക്കുന്നതല്ല. ആയതിനാൽ എല്ലാ ജീവനക്കാരേയും അപകട ആശ്വാസധനസഹായ പദ്ധതിയിൽ അംഗത്വം എടുപ്പിക്കേണ്ട ഉത്തരവാദിത്വം ARU തലവൻമാരിൽ നിക്ഷിപ്തമായിരിക്കും. അപകട ആശ്വാസധനസഹായ പദ്ധതിയിൽ അംഗത്വം ലഭിക്കാതെ അപകട മരണം സംഭവിച്ച് ജീവനക്കാരൻ മരണപ്പെടുകയും ടിയാന്റെ ആശ്വാസധനസഹായം അനുവദിക്കുവാനാകാതെ വരുന്ന പക്ഷം ആയതിന് ARU തലവൻ ഉത്തരവാദിയായിരിക്കും. അപകട മരണത്തിന് 10,00,000/- രൂപയും മാരകമല്ലാത്ത അപകടത്തിന് അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി മെഡിക്കൽ ബോർഡ് നൽകുന്ന സാക്ഷ്യപത്രത്തിന് അനുസൃതമായി വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 10,00,000/- രൂപ വരെ അപകട ആശ്വാസധനസഹായത്തിന് അർഹതയുണ്ട്.

ടി പദ്ധതിയിൽ നിന്ന് ആനുകൂല്യം ലഭിക്കുന്നതിനായി അപേക്ഷയോടൊപ്പം താഴെ പറയുന്ന അനുബന്ധ രേഖകൾ Secretary, KSEB EWF ന്റെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

<u>മാരകമായ അപകടത്തിന് (മരണം) അപകട ആശ്വാസധനസഹായം അനുവദിക്കുന്നതിന് സമർപ്പിക്കേണ്ട രേഖകൾ.</u>

(a) വെൽഫെയർ ഫണ്ടിന്റെ പുതുക്കിയ ആപ്ലിക്കേഷൻ ഫോറത്തിൽ [ഏതു രീതിയിലുള്ള മരണം (Natural Death / Accident Death) എന്ന് രേഖപ്പെടുത്തേണ്ട Column വും അപകട മരണമാണെങ്കിൽ ആയതിന് ഏതൊക്കെ അനുബന്ധ രേഖകൾ ഉൾചേർത്തുവെന്നതും രേഖപ്പെടുത്തേണ്ട കോളവും ഉൾപ്പെടുത്തിയിട്ടുണ്ട്. ചുവടെ സൂചിപ്പിച്ചിട്ടുള്ള രേഖകൾ ഉൾചേർക്കേണ്ടതാണ്.

(b) Detailed report of Accident

(c ) Site Mahazer.

(d) Post Mortem report, (Attested copy)

(e) Police FIR, Inquest Report – (Attested copy)

(f) Death Certificate (Attested copy).

(g) Legal heirship certificate / Successions Certificate (Attested copy).

(h) Indemnity Bond in stamp paper.

<u>മാരകമല്ലാത്ത അപകടത്തിന് അപകട ആശ്വാസധനസഹായം അനുവദിക്കുന്നതിന് സമർപ്പിക്കേണ്ട രേഖകൾ</u>

(a) വെൽഫെയർ ഫണ്ടിന്റെ പുതുക്കിയ ആപ്ലിക്കേഷൻ ഫോറത്തിൽ മാരകമല്ലാത്ത അപകടത്തിന് ആശ്വാസധനസഹായം അനുവദിക്കുന്നതിന് ഏതൊക്കെ അനുബന്ധ രേഖകളാണ് ഉൾചേർത്തിട്ടുള്ളതെന്നും രേഖപ്പെടുത്തി ചുവടെ സൂചിപ്പിച്ചിട്ടുള്ള രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(b) Detailed report of accident.

(c ) Site Mahazer.

(d) Police FIR, Inquest Report (Attested copy).

(e) Certificate of disablement showing percentage of disability sustained issued by District Medical Board.

(f) Indemnity Bond in stamp paper.

അപകട ആശ്വാസധനസഹായ ആനുകൂല്യം അനുവദിച്ച തുകയുള്ള ചെക്കുകൾ KSEB EWF സെക്രട്ടറിയുടേയും, ട്രെഷറർറുടേയും അംഗീകാരത്തോട് കൂടി ARU തലവൻമാർക്ക് ലഭ്യമാക്കുന്നതും ആയത് അനന്തരാവകാശികൾക്ക് കൈമാറി ചെക്ക് കൈപ്പറ്റിയ രസീതിന്റെ അസ്സൽ Secretary, KSEB EWF ന്റെകാര്യാലയത്തിലേയ്ക്ക് അയച്ചു തരികയും ചെയ്യേണ്ടതാണ്. മൈനറായ മക്കളുടെ വിഹിതം ഏതെങ്കിലും Nationalised Bank – ൽ കുട്ടികൾ പ്രായപൂർത്തിയാവുന്നതു വരെ സ്ഥിരം നിക്ഷേപമായി നിക്ഷേപിക്കേണ്ടതും, സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റിന്റെ പകർപ്പ് Secretary, KSEB EWF ന്റെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

മേൽ വിഷയം സംബന്ധിച്ച നിർദ്ദേശങ്ങൾക്കും സംശയ ദൂരികരീകരണത്തിനും പേഴ്സണൽ ഡിപ്പാർട്ട്മെന്റിലെ 0471 - 2514527 ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

സെക്രട്ടറി

കെ.എസ്.ഇ.ബോർഡ് എംപ്ലോയീസ് വെൽഫയർ ഫണ്ട്

പകർപ്പ് : എല്ലാ ചീഫ് എഞ്ചിനീയർമാർക്കും / എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും
എല്ലാ എക്സിക്യൂട്ടീവ് എൻജിനിയർ മാർക്കും
എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും

ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ/ ചീഫ് എഞ്ചിനീയർ (ഐ.റ്റി).
ലീഗൽഅഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ.റ്റി)
റീജിയണൽ ഓഡിറ്റ് ഓഫീസർ / ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ
ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ, സി.പി, ആർ.ഇ.ഇ.എസ് & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}
കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്
സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)